**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 5504

01/07/2019- ൽ മറുപടിക്ക്

## ജവഹർ സഹകരണ ഭവനിലെ സ്ഥാപനങ്ങൾ

**ചോദ്യം**

**ശ്രീ.കെ.എം.ഷാജി**

**മറുപടി**

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ജവഹർ സഹകരണ ഭവനിൽ ഏതൊക്കെ സ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിച്ചു; ബാക്കിയുള്ളവയുടെ പ്രവർത്തനം എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ; | (എ) | ജവഹർ സഹകരണ ഭവനിൽ നിലവിൽ സഹകരണ സംഘം രജിസ്ട്രാർ ആഫീസും സഹകരണ ആഡിറ്റ് ഡയറക്ടറേറ്റും തിരുവനന്തപുരം ജില്ലാ സഹകരണ വകുപ്പ് എംപ്ലോയീസ് സഹകരണ സംഘവും പ്രവർത്തിച്ചു വരുന്നു. തിരുവനന്തപുരം ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ), ജോയിന്റ് ഡയറക്ടർ (ആഡിറ്റ്), സഹകരണ വിജിലൻസ്, സഹകരണ ആർബിട്രേഷൻ കോടതി, സഹകരണ ട്രൈബ്യൂണൽ, സഹകരണ ഓംബുഡ്സ്മാൻ എന്നീ ആഫീസുകൾ പ്രവർത്തിക്കാനാവശ്യമായ ഇന്റീരിയർ വർക്കുകളുടെ നിർമ്മാണ പ്രവർത്തനം നടന്നു വരുന്നു. സഹകരണ പെൻഷൻ ബോർഡ്, സഹകരണ ഡെപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് ബോർഡ്, സഹകരണ ജീവനക്കാരുടെ വെൽഫയർ ഫണ്ട് ബോർഡ് എന്നിവ സഹകരണ ഭവനിൽ പ്രവർത്തിക്കാൻ ആവശ്യമായ ഇന്റീരിയർ വർക്കുകൾ നടത്തുവാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കേരള സർവ്വ വിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ടിന് സഹകരണ ഭവനിൽ അനുവദിച്ച 10- ാം നിലയിൽ ഇന്റീരിയർ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ടി ആഫീസ് ഉടൻ തന്നെ പ്രവർത്തനം ആരംഭിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. |
| (ബി) | ഏതെങ്കിലും സ്ഥാപനങ്ങൾ സഹകരണ ഭവനിലേയ്ക്ക് മാറുന്നതിന് താല്പര്യക്കുറവ് അറിയിച്ചിട്ടുണ്ടോയെന്ന് വ്യക്ത മാക്കുമോ; | (ബി) | ജവഹർ സഹകരണ ഭവനിൽ സ്ഥലം അനുവദിച്ച് നൽകിയിരുന്ന കേരള കോ-ഓപ്പറേറ്റീവ് ഡെവലപ്പ്മെന്റ് ആന്റ് വെൽഫയർ ഫണ്ട് ബോർഡ് അവർക്ക് അനുവദിച്ച് നൽകിയിരുന്ന സ്ഥലം പരിമിതമായതിനാലും സഹകരണ ഭവനിൽ 9-ാം നിലയിലായതിനാലും ടി ബോർഡിനെ ഒഴിവാക്കണമെന്ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| (സി) | ഏതെങ്കിലും സ്ഥാപനം സഹകരണ ഭവനിലേയ്ക്ക് മാറാതിരുന്നാൽ അവർ നൽകിയ സംഭാവന തിരികെ നൽകുമോ എന്ന് വ്യക്തമാക്കുമോ? | (സി) | ജവഹർ സഹകരണ ഭവന്റെ നിർമ്മാണ പ്രവർത്തനത്തിനായി സ്വീകരിച്ചിട്ടുള്ള സംഭാവന തിരികെ നൽകുന്നതിനുള്ള നിർദ്ദേശം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ